## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

30.01-2014-ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 3693

### കൺസ്യൂമർ ഫെഡ്ഡിലെ വിജിലൻസ് റെയ്ഡ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി അയിഷാ പോറ്റി | **രമേശ് ചെന്നിത്തല**<br>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി |
| എ) കൺസ്യൂമർ ഫെഡ്ഡിൽ നടന്ന വിജിലൻസ് റെയ്ഡിൽ ക്രമക്കേടുകൾ കണ്ടു പിടിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) പ്രസ്തുത വിജിലൻസ് റെയ്ഡിന്റെ തുടർനീക്കങ്ങൾ ഹൈക്കോടതി സ്റ്റേ ചെയ്യാനുണ്ടായ സാഹചര്യം വിശദമാക്കുമോ ; | ബി) തങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസന്വേഷണം നിർത്തിവെയ്ക്കണമെന്ന് ആവശ്യപ്പെട്ട്ശ്രീ. റെജി.എം.നായരും (കൺസ്യൂമർ ഫെഡ് എം.ഡി.). ശ്രീ.ആർ.ജയകുമാറും (കൺസ്യൂമർ ഫെഡ് ഉദ്യോഗസ്ഥൻ) ചേർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച ക്രിമിനൽ എം.സി. 5261/2013 ൽ 12.11.2013 ന് കോടതി പ്രഖ്യാപിച്ച ഉത്തരവ് പ്രകാരം 2 മാസത്തേക്കു എഫ്.ഐ.ആറും |

തുടർനടപടികളും കോടതി മരവിപ്പിച്ചിട്ടുണ്ട്. തുടർന്ന് 09/01/2014 ലെ ക്രിമിനൽ എം.സി. 5261/13 ഉത്തരവ് പ്രകാരം ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ ഈ കേസിലുള്ള തുടർനടപടികൾ വീണ്ടും മരവിപ്പിച്ചതായി അറിയിച്ചിട്ടുണ്ട്.

സി) പ്രസ്തുത സ്റ്റേ നടപടി നീക്കം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ആയതിൽ എന്ത് ഉത്തരവാണ് ഉണ്ടായിട്ടുള്ളത് ?

സി) ബന്ധപ്പെട്ട ഗവൺമെന്റ് പ്ലീഡറിനെ സമീപിച്ച് വസ്തുതാ വിവരണപത്രിക തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുന്നതിന് അന്വേഷണത്തിന് നേതൃത്വം നൽകുന്ന വിജിലൻസ് പോലീസ് സൂപ്രണ്ട് നടപടി സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ